ISSN 2320-8880

# THUDI

Research Journal
Vol.6 - January - March 2018, No.1

Published Four Times a year
The Head of Malayalam Department
Kannur University.

Printed at
Vibgyor Imprints, Calicut.

Address of Correspondence
Professor and Head, Dept. of Malayalam,
Kannur University, Dr. P.K. Rajan Memorial Campus,
Nileshwaram, Kasaragod, Kerala - 671314.





# തുടി

കണ്ണൂർ സർവ്വകലാശാല
മലയാള വിഭാഗം

2018 ജനുവരി–മാർച്ച്, വാല്യം 21, ലക്കം 1

റിസർച്ച് ജേർണൽ

2. Nolan, Steve, Film, *Lacan and the Subject of Religion*, Continuum, London, 2009, page 29.
3. *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, കെ.സി.ബി.സി, കൊച്ചി, 2005, പുറം 343.
4. അതേ പുസ്തകം, പുറം 348.
5. അതേ പുസ്തകം, പുറം 347.

# പി. ഭാസ്കരന്റെ ഗാനങ്ങൾ
# മധുരസംവേദനങ്ങളുടെ കലാതന്ത്രം

ആർ. ചന്ദ്രബോസ്

ചലച്ചിത്രകലയുടെ എല്ലാ തലങ്ങളിലും തന്റെ സർഗാത്മകതയെ സവിശേഷമായി അടയാളപ്പെടുത്തിയിട്ടുണ്ട്. പി.ഭാസ്കരൻ. കഥ, ഗാനരചന, സംവിധാനം, അഭിനയം തുടങ്ങിയ മേഖലകളില്ലാം പുരോഗമനചിന്ത, കാരുണ്യം, ഭൂതദയ തുടങ്ങിയ മാനവികമൂല്യങ്ങളെ അനുഭൂതിസാന്ദ്രമാക്കിയ പി.ഭാസ്കരൻ ഗാനരചയിതാവ് എന്ന നിലയിലാണ് ജനപ്രിയ സംസ്കാര പഠനങ്ങളിൽ വിഷയമായിട്ടുള്ളത്. കേരളീയത, സ്ഥലകാലബദ്ധത, നാടോടിഗാനസംസ്കൃതി തുടങ്ങി പി.ഭാസ്ക്കരന്റെ ഗാനരചനകളുടെ പ്രത്യേകതകളെക്കുറിച്ച് നിരവധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. പ്രദീപൻ പാമ്പിരിക്കുന്നിന്റെ ഏകജീവിതാനശ്വരഗാനം എന്ന പഠനഗ്രന്ഥം അതിലൊന്നാണ്. ശ്രുതിസുഭഗവും മധുരാനുഭൂതി ജനകവുമായ ആ ഗാനങ്ങളുടെ ചില പ്രത്യേകതകൾ ചൂണ്ടിക്കാട്ടുകയും ഗാനങ്ങളുടെ മധുരസംവേദനത്തിന്റെ കലാതന്ത്രം കണ്ടെത്തുകയുമാണ് ഈ ലേഖനത്തിൽ.

### ഓർമ്മകൾ വേട്ടയാടിയ കവി

ഓർമ്മ, സ്ഥലകാലങ്ങൾ, പദകോശം, ബിംബകല്പനകൾ ഇവയുടെ സവിശേഷതകളാണ് പി.ഭാസ്കരന്റെ ഗാനങ്ങൾ അവാച്യമായ അനുഭൂതികളിലേക്ക് ആസ്വാദകനെ നയിക്കുന്നത്. ഓർമ്മ, പി.ഭാസ്കരന്റെ കവിതകളിലും ഗാനങ്ങളിലും സവിശേഷ പ്രമേയമാകുന്നു. ഒരു വ്യക്തിയുടെ ഓർമ്മ ജനതയുടെ ചരിത്രത്തിലേക്കും കാലാനുഭൂതികളിലേക്കും ആഴ്ന്നിറങ്ങുകയാണ്. സാമൂഹികവും വൈയക്തികവുമായ അവബോധത്തിലേക്കുണർത്തി നമ്മെ ഉന്മിഷത്താക്കുകയാണ്. ഏറെ കവിതകളിലും ഭൂരിഭാഗം ഗാനങ്ങളിലും ഈ രാസപ്രക്രിയ കണ്ടെത്താം.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും കേരളീയ മനസ്സിനെ ഉഴുതു മറിച്ച നവോത്ഥാനത്തിന്റെ മാനവികതാസങ്കല്പങ്ങളിൽ പിന്നീട് കമ്യൂണിസത്തിന്റെ വിപ്ലവ